**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6**
**08/02/16 ലെ മറുപടിക്ക്**

## ശമ്പള കമ്മീഷൻ ശിപാർശ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ വി എസ് സുനിൽ കുമാർ**<br>**ശ്രീമതി ഇ എസ് ബിജിമോൾ**<br>**ശ്രീ മുല്ലക്കര രത്നാകരൻ**<br>**ശ്രീ ഇ ചന്ദ്രശേഖരൻ** | **ശ്രീ ഉമ്മൻ ചാണ്ടി**<br>**ബഹു. മുഖ്യമന്ത്രി** |
| എ)സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ശമ്പള സ്കെയിലുകളും മറ്റാനുകൂല്യങ്ങളും പരിമിതപ്പെടുത്തി എന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലെ ശമ്പള സ്കെയിലുകളും ആനുകൂല്യങ്ങളുമാണ് പരിമിതപ്പെടുത്തിയ തെന്നും ഇവർക്ക് ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ആനുകൂല്യങ്ങളും പരിമിതപ്പെടുത്തിയ ആനുകൂല്യങ്ങളും എത്ര വീതമാണെന്ന് വിശദമാക്കുമോ; | ശ്രദ്ധയിൽ പെട്ടിട്ടില്ല |
| ബി) പരിമിതപ്പെടുത്തിയ ആനുകൂല്യങ്ങൾ പുനസ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | ചോദ്യം എ-യുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല |
| സി) ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനുമായി ശമ്പള കമ്മീഷൻ എന്തെങ്കിലും തരത്തിലുള്ള ശിപാർശകൾ | ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള ശിപാർശകളടങ്ങുന്ന പത്താം ശമ്പള കമ്മീഷൻ രണ്ടാം ഘട്ട റിപ്പോർട്ട് പ്രകാരം |

| | |
|---|---|
| നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ശുപാർശകൾ എന്തെല്ലാം; ഈ ശിപാർശകൾ നടപ്പാക്കുന്നതു സംബന്ധിച്ചുള്ള തീരുമാനം എന്താണെന്ന് വെളിപ്പെടുത്തുമോ? | ലഭ്യമാക്കിയിട്ടുണ്ട് (അനുബന്ധമായി ചേർത്തിരിക്കുന്നു)<br>പത്താം ശമ്പള കമ്മീഷന്റെ രണ്ടാം ഘട്ട റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 20/02/2016 ലെ സ.ഉ(അച്ചടി)നം. 7/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ ചീഫ് സെക്രട്ടറി(ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി(ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ(ഐ എം ജി) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് |

Manjusha

അക്കൗണ്ട്സ് ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**